9. ജിജി തോംസൺ
10. എം. എച്ച്. ഷമീർ
11. സി. എം. അനാസ്
12. പി. വി. നജീബ്
13. പി. എം. മാഹിൻ
14. ഇ. എം. ബാബു
15. കെ. വി. ഹരി
16. ലിയാക്കത്ത് അലി മൂപ്പൻ
17. ബാബു തോമസ്
18. എ. കെ. ഡേവിസ്
19. എം. കെ. സുകുമാർ
20. ഇ. എം. ശിഹാബ്
21. എം. കെ. ശശികുമാർ
22. കെ. ആർ എബ്രഹാം

(ഇ) 11-3-2005.

വസ്ത്രക്കയറ്റുമതിയുമായി ബന്ധപ്പെട്ട നികുതി ഘടനയിൽ മാറ്റം വരുത്താൻ നടപടി

22 [2794] ശ്രീ. പി. ജെ. ജോയി :
,, സി. പി. മുഹമ്മദ് :
,, ജി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്ത്രക്കയറ്റുമതിയുമായി ബന്ധപ്പെട്ട വിവിധ ഉല്പന്നങ്ങളുടെ നികുതി ഘടനയെന്തെന്ന് വിശദീകരിക്കുമോ;

(ബി) വസ്ത്രക്കയറ്റുമതി സംബന്ധിച്ച കാട്ട സിസ്റ്റം ഇല്ലാതായതോടുകൂടി സംസ്ഥാനത്ത് നിന്നുള്ള വസ്ത്രക്കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത നികുതി ഘടനയിൽ മാറ്റം വേണമെന്ന് കരുതുന്നുണ്ടോ;

(സി) നിലവിലുള്ള നികുതികൾ കയറ്റുമതി വിലയെ ഏതെല്ലാം വിധത്തിൽ അനുകൂലമോ പ്രതികൂലമോ ആയി ബാധിക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വസ്ത്രക്കയറ്റുമതിയുമായി ബന്ധപ്പെട്ട നികുതി ഘടനയിൽ മാറ്റം വരുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയറ്റുമതി ഉല്പന്നങ്ങൾക്ക് നികുതി ഏർപ്പെടുത്തുക എന്ന നയം സർക്കാർ അവലംബിച്ചിട്ടില്ല.

(ബി) കയറ്റുമതി ഉല്പന്നങ്ങൾക്ക് നികുതി നിലവിലില്ലാത്തതിനാൽ മാറ്റം വരുത്തേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

(സി ആന്റ് ഡി) ബാധകമല്ല.

കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

23 [2795] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾ അറ്റ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) കൈത്തറി മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ 635 കൈത്തറി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 437 സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 130 കൈത്തറി സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly